GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

01-07-2021

## കാർഷികവാർത്തകൾ

### 1. വിള ഇൻഷുറൻസ് ക്യാമ്പയിൻ

സംസ്ഥാനത്തെ മുഴുവൻ കർഷകരെയും പദ്ധതിയിൽ അംഗങ്ങളായി ചേർക്കുന്നതിനു വേണ്ടി സംസ്ഥാന കൃഷിവകുപ്പ് ജൂലൈ 1 വിള ഇൻഷുറൻസ് ദിനമായി ആചരിക്കുകയാണ്. ജൂലൈ ഒന്നു മുതൽ 15 വരെ നീണ്ടു നിൽക്കുന്ന രണ്ടാഴ്ചക്കാലം എല്ലാ പഞ്ചായത്തിലും ഇൻഷുറൻസ് കാമ്പയിനും സംഘടിപ്പിക്കുന്നു. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയും കേന്ദ്ര-സംസ്ഥാന സർക്കാറുകൾ സംയോജിതമായി മറ്റു രണ്ടു തരം വിള ഇൻഷുറൻസ് പദ്ധതികളുമാണ് കർഷകർക്കായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ,മണ്ണിടിച്ചിൽ, ഭൂമികുലുക്കം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ ,കാട്ടുതീ ,വന്യജീവികളുടെ ആക്രമണം എന്നിവ നിമിത്തം ഉണ്ടാകുന്ന കൃഷി നാശനഷ്ടങ്ങളാണ് ഈ പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

### 2. അറിയിപ്പ്

നെടുമുടി കൃഷിഭവൻ പരിധിയിൽ വരുന്ന രണ്ടാം കൃഷിയിറക്കിയ നെൽപാടങ്ങളിൽ വിതച്ച് 20 ദിവസം വരെ പ്രായമായ ചില പാടശേഖരങ്ങളിൽ കരിഞ്ചാഴിയുടെ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വളർച്ച മുരടിപ്പ്, നാമ്പ് മഞ്ഞളിപ്പ്, ചെടി ഉരുകിപ്പോകുന്നതുപോലെയും, തണ്ടുതുരപ്പന്റേതിന് സമാനവുമായ ലക്ഷണങ്ങൾ എന്നിവ കാണുന്ന പക്ഷം കർഷകർ അടിയന്തിരമായി കീടനിരീക്ഷണകേന്ദ്രവുമായി 8547865338 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

### ഓൺലൈൻ പരിശീലന പരിപാടികൾ

3. കേരള വെറ്ററിനറി സർവകലാശാല 'ഡയറി ഫാമുകളിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന വെബിനാർ പരമ്പരയിൽ ഇന്ന് (1-07-21ന്) വൈകിട്ട് **5 മണിക്ക്** **"കറവപ്പശുക്കളിലെ കുളമ്പു പരിപാലനരീതികൾ"** എന്ന വിഷയത്തിൽ ഡോ. ലൈജു എം. ഫിലിപ്പ് ഓൺലൈൻ പരിശീലനം നടത്തുന്നു.. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. നാളെ (2-07-21ന്) വൈകിട്ട് **5 മണിക്ക്** **'ഡയറിഫാമുകളിലെ മാലിന്യസംസ്കരണം"** എന്ന വിഷയത്തിലാണ് ഓൺലൈൻ പരിശീലനം നടത്തുന്നത് വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9446714462.**

**4.** 2021 ജൂലൈ 8 മുതൽ 15 വരെ കേരള വെറ്ററിനറി ആന്റ് സയൻസസ് അനിമൽ യൂണിവേഴ്സിറ്റിയുടെ വിജ്ഞാനവ്യാപന വിഭാഗം വാണിജ്യാടിസ്ഥാനത്തിലുള്ള പന്നിവളർത്തൽ ഒരു തൊഴിൽ സംരംഭം എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **-9446714462**

**5.** പച്ചക്കറി കൃഷിക്കൊപ്പം മീൻവളർത്തൽ കൂടി സാധിക്കുന്ന അക്വാപോണിക്സ് എന്ന കൃഷി രീതിയിൽ 5 ദിവസത്തെ പരിശീലന പരിപാടി ജൂലൈ 12 മുതൽ 16 വരെയുള്ള തീയതികളിൽ ഹൈടെക്ക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ്, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ വച്ച് ഓൺലൈനായി നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം- രൂപ കല്പനകൾ, നിർമ്മാണം, പ്രവർത്തന ഉപയോഗ പരിപാലന രീതികൾ, വാട്ടർ ക്വാളിറ്റി ടെസ്റ്റിംങ്ങും, നിയന്ത്രണ മാർഗ്ഗങ്ങളും വളപ്രയോഗ മാർഗ്ഗങ്ങൾ, രോഗ കീടനിയന്ത്രണം, വിളകളുടെ പരിപാലനം എന്നിവയെക്കുറിച്ച് വീഡിയോ കാണിച്ചുകൊണ്ട് പ്രൊഫസർ ഡോ. പി.സുശീല, യുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കാൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താല്പര്യമുള്ളവർ 9562338143, 7025498850 എന്നീ നമ്പറുകളിൽ രാവിലെ 10 മണി മുതൽ 4 മണിവരെ ബന്ധപ്പെടുക.

**6. കാർഷിക സർവ്വകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ**

നെല്ലോലകളിൽ ഇലപ്പേൻ ആക്രമണം മൂലം ഇലകളുടെ അഗ്ര ഭാഗം സൂചിപോലെ ചുരുണ്ട് ഇലകൾ കരിഞ്ഞ് പോകും. കീടാക്രമണം രൂക്ഷമാകുകയാണെങ്കിൽ ഇമിഡാക്ളോപ്രിഡ് 17.8% എസ്.എൽ. 3 മില്ലീ 10 ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച് തളിക്കേണ്ടതാണ്.

- വെള്ളരിവർഗ്ഗ പച്ചക്കറികളിൽ മൃദുരോമപൂപ്പ് രോഗ ബാധ ഉണ്ടാകുമ്പോൾ ഇലകളിൽ ഇളം മഞ്ഞ നിറത്തിലുള്ള പുള്ളികൾ കാണപ്പെടുകയും ഇലകൾ കരിഞ്ഞുണങ്ങുകയും ചെയ്യും. രോഗം ബാധിച്ച ഇലകൾ നശിപ്പിച്ചതിനുശേഷം ഒരു ലിറ്റർ വെള്ളത്തിൽ 3 ഗ്രാം മാംഗോസെബ് എന്ന അളവിൽ നേർപ്പിച്ച് തളിക്കുക.

- ഒച്ച് വർഗ്ഗത്തിൽപ്പെടുന്ന കീടങ്ങളുടെ ശല്യം ഈർപ്പം കൂടുന്ന സാഹചര്യങ്ങളിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. നനഞ്ഞ ചണച്ചാക്ക് ഉപയോഗിച്ച് രാത്രി കാലങ്ങളിൽ ഇവയെ ആകർഷിച്ചു പിടിച്ചെടുത്ത് ഉപ്പുവെള്ളലായനിയിൽ ഇട്ടു നശിപ്പിക്കാം.

- പച്ചക്കറികൾ: കുരുടിക്കുന്ന പച്ചത്തുള്ളൻ, വെള്ളീച്ച എന്നീ ചെറുപ്രാണികളെ നിയന്ത്രിക്കുക. പടവലം, പാവൽ എന്നിവയിൽ കായീച്ചയുടെ ആക്രമണം ചെറുക്കുന്നതിന് പഴക്കെണി പന്തലിന്റെ പലഭാഗങ്ങളിലായി തൂക്കാവുന്നതാണ്.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**